بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 09.08.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

**09.08.2019ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## യു.കെ. ജൽസ സാലാന 2019 ൽപങ്കെടുത്ത അതിഥികളുടെ വിശ്വാസവർധകമായ അഭിപ്രായങ്ങൾ

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَۙ الرَّحۡمٰنِ الرَّحِيۡمِۙ مٰلِكِ يَوۡمِ الدِّيۡنِؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ്(അയ്യദഹു) പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യുടെ മൂന്ന് ദിവസത്തെ ജൽസ സാലാന കഴിഞ്ഞ ഞായറാഴ്ച അതിന്റെ പരിസമാപ്തിയിൽ എത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ജൽസയുമായി ബന്ധപ്പെട്ട് നില്ക്കുന്ന അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങളെ നാം വരവേൽക്കുന്നവരായി മാറികഴിഞ്ഞിരിക്കുന്നു. ആദ്യം തന്നെ ഞാൻ എല്ലാവരോടും നന്ദി പറയുകയാണ്. എല്ലാ സന്നദ്ധപ്രവർത്തകരായ സ്ത്രീകൾക്കും പുരുഷൻമാർക്കും അവർ ഏതെങ്കിലും വകുപ്പുമായി ബന്ധപ്പെട്ടവരും അല്ലെങ്കിൽ ഏതെങ്കിലും വകുപ്പിൽ വല്ല സ്ഥാനം അലങ്കരിച്ചവരാണെങ്കിലും ശരി. വളണ്ടിയറുമാർ മുതൽ ഓഫീസറുമാർ വരെയുള്ള സ്ത്രീകളും പുരുഷൻമാരും കുട്ടികളും യുവാക്കളും വയോജനങ്ങളും നിസ്വാർഥരായി അവരുടെ ഡ്യൂട്ടികളും ഉത്തരവാദിത്വങ്ങളും നിർവഹിച്ച് കൊണ്ടിരുന്നു. അതിഥികളുടെ മുന്നിൽ സ്വകർമങ്ങളിലൂടെ ഇസ്ലാമിന്റെ യഥാർത്ഥ ചിത്രംഇവർ സമർപ്പിച്ചു. ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ചിലരുടെ അഭിപ്രായങ്ങൾ വിവരിക്കുന്നതാണ്.

മാലേഹോ യഅ്ഖൂബ് സാഹിബ്, വൈസ് പ്രസിഡന്റ് മുസ്ലിം കമ്മ്യൂണിറ്റി ബെനിൻ പറയുന്നു: ഞാൻ ഇരുപതിൽകൂടുതൽ ഹജ്ജ് ചെയ്തിട്ടുണ്ട്. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാനയിൽ പങ്കെടുത്തതിലൂടെ എനിക്ക് അതിലും മികച്ച സംവിധാനം കാണുവാൻ അവസരം ലഭിച്ചിരിക്കുന്നു. ഞാൻ ഒരുപാട് മതസമ്മേളനങ്ങളിലും യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഇതുപോലെ ജൽസ സാലാനയുടെ അന്തരീക്ഷം എവിടെയും ലഭിച്ചിട്ടില്ല. ഞാൻ ഇവിടെ വന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചു. അഹ്മദിയ്യത്താണ് യഥാർത്ഥ ഇസ്ലാം. പറയുന്നു, ഞാൻ ബെനിനിൽചെന്ന്, മറ്റ് കാര്യങ്ങൾക്ക് ചെവി നല്കാതെ അഹ്മദിയ്യത്തിനെ കുറിച്ച് പഠിക്കാൻ ആളുകളോട് പറയുന്നതാണ്. ഈ ലോകത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ യഥാർഥ മഹത്ത്വം വിവരിക്കുന്നത് അഹ്മദികൾ മാത്രമാണ്.

പിന്നെ ഗ്രീസിൽ നിന്നുള്ള ചീഫ്, റബ്ബിഗബ്രേൽ നേഗ്രീൻ സാഹിബ് പറയുന്നു, എനിക്ക് അദ്ഭുതകരമായ അന്താരാഷ്ട്ര ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. റബ്ബി അഥവാ യഹൂദഗുരു എന്ന നിലയിൽ ഞാൻ ഇവിടെ മറ്റുള്ള മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വീകാര്യതയും ആദരവും അനുഭവിച്ചറിഞ്ഞു. ഞാൻ കാണുകയും സംസാരിക്കുകയും ചെയ്ത എല്ലാ ബഹുമാന്യ ഇമാമുകളും ഹൃദയത്തിൽ സ്ഥാനം നല്കി എന്നെ ആദരിച്ചു. ഞാൻ എന്റെ പ്രത്യേകതൊപ്പിയും ധരിച്ച് യാതൊരു ഭീഷണിയോ കുപിതമായ ദൃഷ്ടിയോ അല്ലെങ്കിൽ പരുക്കൻ പ്രതികരണമോ കൂടാതെ ആയിരക്കണക്കിന് മുസ്ലിം സഹോദരങ്ങളുടെ ഇടയിലൂടെ സഞ്ചരിക്കുമ്പോൾ ഞാൻ ശരിക്കും സന്തോഷവാനായിരുന്നു. ഇത് മറ്റ് സ്ഥലങ്ങളിൽ ഞാൻ കണ്ടതിന് നേർവിപരീതമായിരുന്നു.

ഉറുഗായിൽ നിന്ന് അതിഥിയായി ഒരു വനിത വന്നിരുന്നു. അവർ യൂണിവേഴ്സിറ്റിയിൽ Oriental Studies ന്റെ പ്രൊഫസറാണ്. പറയുന്നു: മുപ്പത് വർഷത്തിൽ അധികമായി ഞാൻ ഇസ്ലാമിക രാജ്യങ്ങളെയും സംഘടനകളെയും കുറിച്ച് ഗവേഷണം നടത്തുന്നു. നിങ്ങളുടെ ജൽസയിൽ പങ്കെടുത്തപ്പോൾ രണ്ട് വ്യത്യാസമായ കാര്യങ്ങൾ കാണാൻ സാധിച്ചു. അത് മറ്റെവിടെയും കാണാത്തതാണ്. ഒന്നാമത്തെ കാര്യം, ജമാഅത്തിന്റെ ഐക്യത്തിന്റെയും ഒരു നേതാവിലൂടെയുള്ള ഒത്തൊരുമയുടെയും ഉദാഹരണം മറ്റെവിടെയും ദൃശ്യമല്ല. ഒരോരുത്തരും തന്റെ ഖലീഫയുമായി അനുസരണത്തിന്റെയും ആത്മാർഥതയുടെയും അസാധാരണ ബന്ധം ഉണ്ടാക്കിയിരിക്കുന്നു. രണ്ടാമത്തെ കാര്യം, ജമാഅത്തിൽ യാതൊരു വംശീയതയും കാണുന്നില്ല. അത് ജന്മനാ അഹ്മദിയാണെങ്കിലും ശരി, നവഅഹ്മദിയാണെങ്കിലും ശരി. അറബിയോ അനറബിയോ, പാകിസ്ഥാനിയോ പാകിസ്ഥാനിയല്ലാത്തവരോ ആയി കൊള്ളട്ടെ, നിങ്ങളുടെ ജമാഅത്തിന്റെ സംവിധാനം എല്ലാവിധ വംശീയതയിൽ നിന്നും രാജ്യന്തരവിഭാഗീയതയിൽ നിന്നും പരിശുദ്ധമായി കാണപ്പെടുന്നു.

പിന്നീട് മറാകഷിലെ ഒരു സുഹൃത്ത്, ഫിലോസഫിയുടെ പ്രൊഫസറാണ്. അദ്ദേഹം പറയുന്നു: ജൽസയിൽ നിന്ന് നല്ലൊരു അനുഭൂതിയാണ് ഞങ്ങൾക്ക് ലഭിച്ചത്. ഇത് ജമാഅത്തിനെ സമീപത്ത് വന്ന് നോക്കി കാണുവാനുള്ള നല്ലൊരു അവസരമാണ്. ഞങ്ങൾ ഈ അന്തർദേശീയ സമ്മേളനത്തിൽ ജമാഅത്തിന്റെ വളരെ സുദൃഢമായ സംവിധാനവും

അതിഥികൾക്കായുള്ള ഉഷ്മള വരവേൽപ്പും ദർശിച്ചു. അതുപോലെ തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ ഉന്നത സ്വഭാവ മഹിമ കാണുവാനും അവസരമുണ്ടായി. അത് ഇസ്‌ലാമിന്റെയും റസൂലുല്ലാഹ്(സ)യുടെ അധ്യാപനത്തിന്റെയും പ്രതിരൂപമായിരുന്നു. ഈ ജൽസ മുഖേന എതിരാളികളുടെ കുപ്രചാരണത്തിന്റെ സത്യാവസ്ഥയും ഞങ്ങളുടെ മുന്നിൽ തുറക്കപ്പെട്ടു. ആ എതിരാളികൾ ദൈവീക ജമാഅത്തിനോട് അസൂയയും വിദ്വേഷവും പുലർത്തുന്നവരാണ്. അല്ലാഹു നിങ്ങൾക്ക് മനുഷ്യരെ സേവിക്കാൻ തൗഫീഖ് നല്കി കൊണ്ടേയിരിക്കട്ടെ.

ഇനി ഗിനികൊണാക്രിയിൽ നിന്ന് അൽഹാജ് മുഹമ്മദ് വകീൽ യാതാറാ സഹിബാണ്. അദ്ദേഹം മതകാര്യങ്ങളിലെ ഇൻസ്‌പെക്ടർ ജനറൽ ആയിരുന്നു. അദ്ദേഹം പറയുന്നു: ജൽസയിലെ മൂന്ന് ദിവസങ്ങളിലും എന്നെ വളരെയധികം ആകർഷിച്ച ഒരു കാര്യം, അഹ്മദികളുടെ തർബിയ്യത്ത് വെറും ഇസ്‌ലാമിക അധ്യാപനങ്ങൾ അനുസരിച്ചാണ് നടത്തിയിക്കുന്നുവെന്നതാണ്. എല്ലാ അഹ്മദികളും ഒരു സ്ഥലത്ത് ഒത്തുചേരുമ്പോൾ ഇവർ എല്ലാവരും ഇസ്‌ലാമിക സഹോദര്യത്തിന്റെ ഉന്നതമായ മാതൃകയായി കാണപ്പെടുന്നു. ഏകോദര സഹോദരങ്ങളും ഒരേ വീട്ടിൽ നിന്ന് വരുന്നവരും എന്ന് തോന്നിച്ചു. അനിതരസാധാരണമായ സംവിധാനവും സംഘാടകരുടെ പുഞ്ചിരി തൂകുന്ന മുഖവും. ജൽസയുടെ പന്തലിലേക്ക് യാതൊരു പ്രയാസവുംഇല്ലാതെയുള്ള വരവും പോകലും. ഇതെല്ലാംതോന്നിപ്പിച്ചിരുന്നത്, ഇവർ ഏതോ സ്വർഗീയസൃഷ്ടികളാണെന്നും ഇന്ന് വല്ല ജമാഅത്തും ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്താണ് എന്നുമാണ്. പറയുന്നു: എനിക്ക് സൗദി അറേബ്യക്ക് പുറമേ മറ്റ് ഇസ്‌ലാമിക രാഷ്ട്രങ്ങളിലും പല തവണ പോകാൻ അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ യാതൊരു സംശയവുംകൂടാതെ പറയാൻ സാധിക്കും, എനിക്ക് ഇത്തരത്തിൽ ഇസ്‌ലാമിക സാഹോദര്യബന്ധത്തിന്റെ അന്തരീക്ഷം മറ്റൊരിടത്തും ലഭിച്ചിട്ടില്ല. എനിക്ക് ഇപ്രകാരം പറയുന്നതിൽ യാതൊരു അപകർഷതയുമില്ല, നല്പതിനായിരം ആളുകളെ ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുകയും തുടർച്ചയായി ഇസ്‌ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും അതിൽ യാതൊരു അസ്വാരസ്യവും കൂടാതെതന്നെ അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്തിൽദിവസം കഴിച്ച് കൂട്ടുകയെന്നതും അഹ്മദിയ്യാ ജമാഅത്തിന്റെ മാത്രം പ്രത്യേകതയാണ്.

ഒരു വനിത, ഫാനിതാ ഫൂകാന അംറ സാഹിബ, അവർഗിനികൊണാക്രിയിൽകസ്റ്റം എയർപോർട്ട് ഗിനിയിൽ ലെഫ്റ്റനെന്റ് ആണ്. അവർ നവഅഹ്മദി കൂടിയാണ്. പറയുന്നു: അഹ്മദിയ്യാ അധ്യാപനങ്ങളിൽ പ്രഭാവിതയായി കൊണ്ട് ഞാൻ അഹ്മദിയായി. എങ്കിൽ തന്നെയും എന്നിൽ നിന്ന് വല്ല തെറ്റായ തീരുമാനവും ഉണ്ടായിപ്പോയോ എന്നോർത്ത് ഹൃദയത്തിൽ ഭയം അങ്കുരിച്ചിരുന്നു. എന്നാൽ ഇന്ന് ഞാൻ ജൽസ സാലാന യു.കെയിൽ പങ്കെടുത്തു. ഞാൻ അല്ലാഹുവിൽ സത്യംചെയ്ത് കൊണ്ട് പറയുന്നു, എന്റെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്ത് ഇന്ന് ഏതെങ്കിലുമൊരു ജമാഅത്ത് ഇസ്‌ലാമിന്റെ പ്രാതിനിധ്യം വഹിക്കുന്നെങ്കിൽ അത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തന്നെയായിരിക്കുംഎന്ന്ജൽസയിൽ പങ്കെടുത്തത് മൂലം എനിക്ക് ബോധ്യമായിരിക്കുന്നു.

ഗാബോണിലെ മുൻ പ്രധാനമന്ത്രിയും പാർലമെന്റ് അംഗവുമായ പാൽ ബിയോഗേ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. പറയുന്നു: ജൽസയിൽ അവതരിപ്പിക്കപ്പെട്ട പ്രഭാഷണങ്ങളിൽ നിന്ന് എനിക്ക് ഇസ്‌ലാമിനെയും പ്രത്യേകമായ നിലയിൽ അഹ്ദിയ്യത്തിനെയും കുറിച്ച് ഒരുപാട്കാര്യങ്ങൾ മനസ്സിലാക്കുവാൻ അവസരം ലഭിച്ചു. അഹ്മദിയ്യത്തിനെയും മറ്റ് മുസ്‌ലിംകളെ പോലെ ലോകത്തിന്റെ സമാധാനം നശിപ്പിക്കുന്നവരായി തന്നെയാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ ഇവിടെ വന്ന് നിങ്ങളുടെ പ്രവൃത്തികളാൽ വളരെയധികം സ്വാധീനിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ വളരെയധികം കഠിനപരിശ്രമം നടത്തുന്ന ആളുകളാണ്. നിങ്ങളുടെ ഇസ്‌ലാമാണ് യഥാർഥ ഇസ്‌ലാം. ഇന്ന് ലോകത്തിന് അതിന്റെ ആവശ്യമുണ്ട്. എന്റെ രാജ്യത്തിനും ഈ ഇസ്‌ലാമിന്റെ ആവശ്യമുണ്ട്.

ഗാബോണിൽ നിന്നും പാസിദ് അലൂവദൂൻകാ സാഹിബ് വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ കാബിനന്റ് ആണ്, പറയുന്നു: ജൽസയുടെ അന്തരീക്ഷം വളരെ ഉന്നതമായിരുന്നു. ഒരിക്കലും മറക്കാനാവാത്ത വലിയ ആത്മീയ അന്തരീക്ഷമായിരുന്നു അത്. ജൽസയിൽ പങ്കെടുത്തതിലൂടെ ഒരുപാട്കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ഇസ്‌ലാമിനെ കുറിച്ച് ഒരുപാട് അറിയുവാനും മനസിലാക്കുവാനും അവസരം ഉണ്ടായി. ഞാൻ മുസ്‌ലിമല്ല. എന്നാലും ഞാൻ എന്നെ ഇപ്പോൾ മുസ്‌ലിമായി കണക്കാക്കുന്നു.

ഒരു അതിഥി ഹീരി അലീഗോൻസ സാഹിബ്, സെൻട്രൽ ആഫ്രിക്കൻ റീപ്പബ്ലിക് പ്രസിഡന്റിന്റെ ഉപദേഷ്ടാവാണ്. പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന് ഒരു ലക്ഷ്യമുണ്ട്. അത് ലോകത്ത് സാഹോദര്യബന്ധം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ആ ദൗത്യത്തിനായി അവർ രാവും പകലും അധ്വാനിക്കുന്നു. എന്നാൽ ലോകത്തിലെ മറ്റ് സംഘടനകളിൽ ഈ ഉന്നതഗുണത്തിന് കുറവ് സംഭവിച്ചിരിക്കുന്നു. ഈ അവസരത്തിൽ ഞാൻ എന്റെയും എന്റെ രാജ്യത്തിന്റെയും പേരിൽ ഈ വിജയപ്രദമായ ജൽസയുടെ ഒരുക്കങ്ങൾക്ക് ആശംസകൾ അറിയിക്കുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന് ക്ഷണം നല്കുകയാണ്, നിങ്ങൾ എന്റെ രാജ്യത്തുംവന്ന് ഈ അധ്യാപനങ്ങളും സ്നേഹവും പ്രചരിപ്പിക്കണം. എന്റെ രാജ്യം നിരവധി വർഷങ്ങളായി ഉണ്ടായിരുന്ന ആഭ്യന്തര യുദ്ധങ്ങൾക്ക് ഒടുവിൽ ശാന്തിയിലേക്ക് ഇപ്പോൾവന്ന് കൊണ്ടിരിക്കുന്നു. ഈ അധ്യാപനങ്ങളിലൂടെ എന്റെ രാജ്യത്തും ദീർഘകാലം സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. ജൽസയുടെ അന്തരീക്ഷം എനിക്ക് മറക്കാനാവാത്ത ഒരു സംഭവമാണ്. ഞാൻ എല്ലാവർഷവും ജൽസയിൽ പങ്കെടുത്ത് കൊണ്ട് ആത്മശാന്തി നേടിയെടുക്കാൻ ശ്രമിച്ച് കൊണ്ടേയിരിക്കുന്നതാണ്. അതിനുവേണ്ടി ഞാൻ ദുആയും ചെയ്യുന്നു. വീണ്ടും പറയുന്നു: ഇനി ഞാൻ തിരിച്ച് ചെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിക്കുന്നതാണ്. ഇതാണ് യഥാർത്ഥ ഇസ്‌ലാം.

ബ്രസീലിൽനിന്ന് വന്ന ഒരതിഥി മോറോ ഹെൻറി, പെട്രോ പോലിക്സ് സിറ്റി കൗൺസിലിന്റെ അധ്യക്ഷനാണ്. പറയുന്നു: എന്റെ രാജ്യമായ ബ്രസീലിന്റെ പ്രതിനിധിയായി കൊണ്ട് ഈ മഹത്തായ ഇസ്‌ലാമിക ജൽസ സാലാനയിൽ പങ്കെടുക്കുവാൻ സാധിച്ചതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. കാലത്തിന്റെ ഖലീഫയുടെഎല്ലാ പ്രഭാഷണങ്ങളും യാഥാർഥ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങി. ഞാൻ ജൽസയുടെ മൂന്ന് ദിവസവുംആത്മീയ അന്തരീക്ഷത്തിൽ കഴിച്ച് കൂട്ടി. യാതൊരുവിധ ക്ഷീണമോ തളർച്ചയോ അനുഭവപ്പെട്ടിരുന്നില്ല. ജൽസയിലെ നമസ്കാരങ്ങളിൽ ഒരോ ശബ്ദത്തിൽ എല്ലാവരും എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യുന്ന ദൃശ്യം എന്നിൽ അസാധാരണവും അത്ഭുതമുള്ള വാക്കുന്ന ഒന്നുമായിരുന്നു. ഇതുകൂടാതെ മറ്റൊരു കാര്യം എന്നിൽ വളരെയധികം സ്വാധീനമുണ്ടാക്കിയിരിക്കുന്നു. അത് വിവരണാതീതമാണ്. അതായത് ഖലീഫ വന്നയുടൻ ആയിരക്കണക്കിന് വരുന്ന ജനസമൂഹം ഒറ്റയടിക്ക് നിശബ്ദരായി തീരുന്നു. ആരോടും അതിനെ കുറിച്ച് പറയേണ്ട ആവശ്യമില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത്, ഇതൊരു സംവിധാനമല്ല. മറിച്ച് എല്ലാവരുടെയും ഹൃദയങ്ങളിൽ ഖലീഫയ്ക്കായി ആദരവും ബഹുമാനവും സ്ഥിതിചെയ്യുന്നു എന്നാണ്. ഈ ഓർമ്മകളുമായാണ് ഞാൻ തിരിച്ച് പോകുന്നത്. എനിക്ക് അനുഭവപ്പെട്ടത് ഞാൻ എന്റെ സെൻട്രലിലും കൗൺസിലിലും പ്രചരിപ്പിക്കുന്നതാണ്. യാഥാർഥ ഇസ്‌ലാം ഇതാകുന്നു.

ഇക്വാഡോറിൽ നിന്നും വന്ന ഓർലി മസീസ്, അദ്ദേഹം തന്റെ പ്രദേശത്തെ ബിഷപ്പ് ആണ്. പറയുന്നു: ജൽസയുടെ സംവിധാനം വളരെ ഉന്നതമാണ്. ഖലീഫയുടെ പ്രഭാഷണങ്ങളിൽ നമ്മുടെ വിചാരവികാരങ്ങളെ മാറ്റിമറിക്കാനുള്ള എല്ലാ സവിശേഷതകളും അടങ്ങിയിരുന്നു. എനിക്ക് ആ പ്രഭാഷണങ്ങളിൽ ഏറ്റവും മനോഹരമായി തോന്നിയത് അദ്ദേഹം ഏതെങ്കിലും സമൂഹത്തേയോ അല്ലെങ്കിൽ മതത്തേയോ എതിർത്ത് കൊണ്ട് സംസാരിച്ചിരുന്നില്ല. മറിച്ച് അദ്ദേഹം ഊന്നൽ നല്കിയത് ഇസ്‌ലിന്റെ യഥാർഥവും സ്വീകാര്യയോഗ്യവുമായ അധ്യാപനങ്ങളിലായിരുന്നു. പറയുന്നു: ഞാൻ ഈ ജൽസക്ക് വേണ്ടി വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ എന്റെ മനസ്സിൽ ഇസ്‌ലാമിന് വെറും ഒരു മതമെന്ന നിലയെക്കാൾ യാതൊരു സവിശേഷതയും ഉണ്ടായിരുന്നില്ല. എന്നാൽ ഞാൻ ഇവിടെ വന്ന് കണ്ടത്, ഇസ്‌ലാം ഒരു മതം മാത്രമല്ല, അതൊരു അതിമഹത്തായ വംശമാകുന്നു. ഒരു കുലവും ഒരു കുടുംബവുമാകുന്നു. ഇസ്‌ലാംസ്ഥാപിക്കുന്ന സാഹോദര്യ ബന്ധവും നിങ്ങൾ നിങ്ങളുടെ മതത്തിനായി ചെയ്യുന്ന പരിശ്രമവും ത്യാഗങ്ങളും എന്നിൽ വളരെയധികം മതിപ്പ് ഉണ്ടാക്കിയിരിക്കുന്നു. പിന്നെ ആഗോള ബയ്അത്തിനെ കുറിച്ച് പറയുന്നു: ബയ്അത്ത് ആരംഭിച്ചപ്പോൾ ആരോ എന്റെ തോളിൽകൈ വച്ചു. പിന്നീട് ഞാനും മുന്നിൽ ഇരിക്കുന്ന വ്യക്തിയുടെതോളിൽ കൈവച്ചു. ഒരു വൈദ്യുത പ്രവാഹം അതിൽ എനിക്ക് അനുഭവപ്പെട്ടു. അത് ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരിലൂടെയും കടന്ന് പോയിക്കൊണ്ടിരുന്നു. എനിക്ക് പ്രത്യേകമായി മനസ്സിലാക്കാൻ സാധിച്ചത്, അഹ്മദികൾ ബയ്അത്തിന് ശേഷം ഒരു പുതുമ അനുഭവിക്കുന്നുവെന്നാണ്. അപ്രകാരം അവർക്ക് ഒരു നവജീവിതം ലഭിച്ചിരിക്കുന്നു. എനിക്ക് ജൽസയിൽ പങ്കെടുക്കാൻ അവസരം നല്കിയതിൽ ഞാൻ എല്ലാവരോടും നന്ദി പറയുകയാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് അറിവ് ലഭിച്ചു. എനിക്ക് ഇപ്പോൾ പ്രധാനമായും മനസ്സിലായ കാര്യം, കുറച്ച് ആളുകളുടെ തെറ്റായ പ്രവൃത്തികൾ കാരണത്താൽ മുഴുവൻ ഇസ്‌ലാമും തെറ്റാണെന്ന് മനസ്സിലാക്കരുതെന്നാണ്.

ഹുസൂർതിരുമസ്സ് പറയുന്നു: സൽവീനിയയിൽ നിന്നുള്ള ബാർബറാ ഓചേ സാഹിബ, അവർ ക്രിസ്തുമതത്തിന്റെ പ്രൊഫസർ ആണ്, പറയുന്നു: ഞാൻ ഒരിക്കലും തന്നെ അഹ്മദിയ്യാ ജമാഅത്ത് കാഴ്ച വയ്ക്കുന്ന തരത്തിലുള്ള ഒരു ഇസ്‌ലാമിനെ കണ്ടിട്ടില്ല. ജൽസ കണ്ടതിന് ശേഷം എനിക്ക് തോന്നുന്നത് ഞാൻ ഒരുപുതിയ ഇസ്‌ലാമിനെ ദർശിച്ചിരിക്കുന്നു എന്നാണ്. അതുപോലെ ഹദ്റത്ത് ഈസ(അ)ന്റെ കുരിശുസംഭവത്തെയും അതുപോലെ പലായനത്തെയും മരണത്തെയും സംബന്ധിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഗവേഷണങ്ങൾ ഏറ്റവും കൂടുതൽ സ്വീകാര്യപ്രദവും യുക്തിഭദ്രവുമാണെന്ന് ഞാൻ മനസ്സിലാകുന്നു.

മോനസ് സീനാനൗവച്ച് സാഹിബ്, അദ്ദേഹം സൽവീനിയായിലെ എഴുത്തുകാരനാണ്. ജന്മനാ മുസ്‌ലിംആണ്. എന്നാൽ ഇസ്‌ലാമിനോട് അദ്ദേഹത്തിന് താൽപര്യം ഉണ്ടായിരുന്നില്ല. പറയുന്നു: കഴിഞ്ഞ രണ്ട് വർഷമായി ഞാൻ ഇസ്‌ലാമിനെ കുറിച്ച് പഠിക്കുന്നു. പിന്നീട് നമസ്കരിക്കാനും തുടങ്ങി. എന്നാൽ ഇമാമിന്റെ പിന്നിൽ നിന്ന് നമസ്കരിച്ചിരുന്നില്ല. എന്നാൽ ഇവിടെ വന്ന് ജമാഅത്തിനോടൊപ്പം ചേർന്ന് നമസ്കരിക്കുന്നതിലൂടെ ലഭിച്ച ആനന്ദം അത് തീർത്തും വ്യത്യസ്തമായ ഒരു ആനന്ദമാകുന്നു. ഞാൻ എന്താണ് ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കിയത് അതുതന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനം. അതായത് എല്ലാ വസ്തുക്കളും പ്രകൃതിപരമാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: അദ്ദേഹത്തിന് ഇഷ്ടപ്പെട്ട മറ്റൊരു കാര്യം, അഹ്മദികൾ എന്താണ് പറയുന്നത് അതുതന്നെയാണ് ചെയ്യുന്നുവെന്നതാണ്, ഇത് നമുക്കുള്ള വളരെ വലിയ വെല്ലുവിളികൂടിയാണ്. എപ്പോഴും ഓർക്കേണ്ട കാര്യം, നമ്മുടെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം. നാം പറയുന്നത് തന്നെ ചെയ്യേണ്ടതുമാണ്.

ഇറ്റലിയിൽ നിന്നുള്ള മെഡലിന സാഹിബ, അവർ വത്തികാനിലെ ഇസ്‌ലാമിക യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്. പറയുന്നു: വാർഷിക ജൽസ വളരെ നല്ല ആകർഷണീയവും സമാധാനപരവും അതുപോലെ സ്നേഹം നിറഞ്ഞതുമായുന്നു. സംവിധാനം ഉന്നതമായിരുന്നു. പ്രഭാഷണങ്ങളും മികച്ചതായിരുന്നു. അത് അഹ്മദികൾക്ക് മാത്രമല്ല മറിച്ച് എല്ലാ അതിഥികളുടെയും അറിവിന് വർധനവ് പ്രദാനം ചെയ്തിരുന്നു.

ജോവാദ്ബോലമിൽ സാഹിബ് ഫ്രാൻസിലെ മിനിസ്റ്ററി ഓഫ് ജസ്റ്റിസിനു വേണ്ടി പ്രവർത്തിക്കുന്നു. പറയുന്നു: ജൽസയിലെ ദിനങ്ങളിൽ IAAAE യുടെയും ഹുമാനിറ്റി ഫസ്റ്റിന്റെയും എക്സിബിഷനുകളിൽ ചെന്നും നിങ്ങളുടെ വിജയകരമായ പ്രവർത്തനങ്ങളെ ദർശിച്ചും ഞാൻ വളരെയധികം

പ്രഭാവിതനായിരിക്കുന്നു. യഥാർഥ ദീൻ ഇതാകുന്നു, അതായത് യാതൊരുവിധ വർഗവർണ വ്യത്യാസം കൂടാതെ മനുഷ്യരെ സേവിക്കുക.

സ്പെയിനിൽ നിന്ന് വന്ന സംഘത്തിലെ ഒരു അതിഥി സോസാന മോറാൽ പറയുന്നു, എന്റെ വീക്ഷണത്തിൽ, എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല എന്ന വാചകം പരിപൂർണമായി നിലയിൽ ഈ അതിമഹത്തായ സമ്മേളനത്തെ പ്രതിനിധീകരിക്കുന്നുണ്ട്. ഞാൻ ഇവിടെ വിവിധതരക്കാരെ പരസ്പരം ഒത്തുചേരുന്നതായി കണ്ടു. ഇത് എപ്രകാരമുള്ള മതമെന്നാൽ, ലോകത്തിൽ സമാധാനം സ്ഥാപിക്കുന്ന പ്രവർത്തനത്തിനും അനീതിക്ക് എതിരിലുള്ള പോരാട്ടത്തിനും വേണ്ടി തയ്യാറാക്കുന്നതാണ്.

ഔഫറെ സാഹിബ്, അദ്ദേഹം ബ്രീട്ടീഷ് സോസൈറ്റി ഓഫ് ട്യൂറിൻ ഷ്രൗഡിന്റെ എഡിറ്ററാണ്. പറയുന്നു: ഞാൻ തുടർച്ചയായ അഞ്ച് വർഷം ജൽസയിൽ വന്ന് കൊണ്ടിരിക്കുന്നു. എനിക്ക് ഇത് പറയേണ്ടതായി വരുന്നു, എന്നെ ആദ്യമായി ക്ഷണിച്ചപ്പോൾ ഈ അന്തരീക്ഷത്തിൽ നിന്ന് എനിക്ക് അനുഭവിക്കാൻ സാധിച്ച ആകർഷണീയമായദുആകളാൽ നിറഞ്ഞ ആത്മീയതയ്ക്ക് ഇന്നും ഒരു കോട്ടവും വന്നിട്ടില്ല, ഞാൻ ട്യൂറിൻ ആവരണ(ക്രിസ്തുവിന്റെതിരുവസ്ത്രം)ത്തിന്റെ നിരീക്ഷകനാണ്. ഈ വസ്ത്രം അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം താൽപര്യത്തിന് വകയായിട്ടുള്ളതാണ്. കാരണം അവരെ സംബന്ധിച്ചിടത്തോളം ഇത് മസീഹ് കുരിശിൽ മരിച്ചിട്ടില്ല എന്നതിനുള്ള ഒരു തെളിവാകുന്നു.

പിന്നീട് കാനഡയിലെ അബ്റീജനൽ കമ്മ്യൂണിറ്റിയുടെ പ്രതിനിധി ചീഫ് മെയിംഗം ഹെന്റി പറയുന്നു: ജൽസ സാലാനയിലെ പങ്കാളിത്തം എന്നെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യം അർഹിക്കുന്നു. കാരണം അതിലൂടെ എന്റെ ജീവിതം മാറിമറിഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ ഇസ്‌ലാമിനെ കുറിച്ച് മുമ്പത്തേക്കാൾകൂടുതലായി മനസ്സിലാക്കിയിരിക്കുന്നു. ഇസ്‌ലാമും കാനഡയിലെ പുരാതന മതവും തമ്മിൽ വളരെയധികം സാമ്യത പുലർത്തുന്നുണ്ടെന്ന് എനിക്ക് അനുഭവപ്പെട്ടു.

ബെലീസിൽ നിന്നുള്ള ഒരു അതിഥി, വീനെ ട്ര്യൂഡ്, ഡയറക്ടർ ഓഫ് ന്യൂസ് ലൗ എഫ്. എം പറയുന്നു: ഞാൻ അഹ്മദികളിൽ ദർശിച്ച ഐക്യം, മനുഷ്യനിൽ ഒരു പുതിയ ആത്മാവിനെ ഊതുന്നതാണ്. അത് കണ്ട് ഹൃദയത്തിൽ സമാധാന ലബ്ധിക്കുള്ള ആഗ്രഹം ജനിക്കുന്നു. ക്രമീകരണങ്ങൾ വളരെ സംഘടിതമായിരുന്നു. ഇമാം ജമാഅത്തിന്റെ പ്രഭാഷണങ്ങൾ ഈ കാലഘട്ടത്തിലെ ആവശ്യങ്ങൾക്ക് അനുസൃതമായിരുന്നു.

ബലീസിലെ ചേസ്റ്റർ വില്യം സാഹിബ് പോലീസ് കമ്മീഷണറാണ്. പറയുന്നു, ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ അറിവിന് വളരെ വർധനവ് ഉണ്ടായി. മുസ്‌ലിംകൾ എല്ലാവരും ഒരുപോലെയെന്നായിരുന്നു എന്നാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നതിന് മുമ്പ് കരുതിയിരുന്നത്. എന്നാൽ ഇപ്പോൾ പലവിഭാഗങ്ങൾ ഉണ്ടെന്ന് മനസ്സിലായി. പ്രശംസാർഹമായ കാര്യം അഹ്മദികൾ സമാധാനത്തെ പാരിപാലിക്കുന്നവരാണ്. യുവാക്കളുടെ സംസ്കരണത്തിനായി ഒരുപാട് സമയം അവർ ചെലവഴിക്കുന്നു.

മെക്സിക്കോയിലെ മാറിയ സാഹിബ പറയുന്നു, ഞാൻ ഇസ്‌ലാം സ്വീകരിച്ചിട്ട് രണ്ട് മാസം കഴിഞ്ഞു. എനിക്ക് ഇസ്‌ലാമിനെ കുറിച്ച് ഒരുപാട് ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഈ ജൽസയിൽ പങ്കെടുത്തത് മൂലം എനിക്ക് ഇസ്‌ലാമിനെ കുറിച്ചുണ്ടായിരുന്ന അറിവിൽ വർധനവ് ലഭിച്ചു. എന്റെ എല്ലാ സംശങ്ങളും ചോദ്യങ്ങളും അവസാനിച്ചിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു പങ്കെടുത്ത അഹ്മദികൾക്ക് ഈ ജൽസയെ അവരുടെ വിശ്വാസപുരോഗതിക്ക് ഹേതുവാക്കട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ് ബഹുമാന്യ മുജീബുർ റഹ്മാൻ സാഹിബ് അഡ്വകേറ്റിന്റെ ജനാസ ഗായിബ് നിർവഹിക്കുന്നതാണെന്ന് വിളംബരംചെയ്തു. അദ്ദേഹം 2019 ജൂലൈ 30 ന് റബ്‌വയിലെ താഹിർ ഹാർട്ട് ഇൻസ്റ്റിട്ടൂറ്റിൽ വെച്ച് 85-ാം മത്തെ വയസ്സിൽ വഫാത്തായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 09.08.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516